LIBRARY ARCHIVES Kerala Legislative Assembly

കല്ലട ഇറിഗേഷൻ പദ്ധതിയുടെ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ റോഡുകൾ

129 (8189) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ എത്ര കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകൾ ഉണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി എത്ര രൂപ അനുവദിച്ചിരുന്നു ; നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത റോഡുകളിൽ ഇനിയും നവീകരണം നടത്തേണ്ട ഭാഗങ്ങൾക്ക് ആവശ്യമായ തുക അനുവദിക്കുമോ ?

ഉത്തരം

(എ) 37.03 കിലോമീറ്റർ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി 10 ലക്ഷം രൂപ അനുവദിച്ചു. ഈ തുക ഉപയോഗിച്ച് കെ.ഐ.പി. ഓയൂർ കനാൽ മെയിന്റനൻസ് ഓഫ് ലിങ്ക് റോഡ് ചെയിനേജ് 6928 മീ. മുതൽ 8088 വരെ എന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

(സി) ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തികളുടെ മുൻഗണനാക്രമവും അനുസരിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

ജലമണി പദ്ധതി

130 (8190) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗ്രാമീണ മേഖലയിലെ വിദ്യാലയങ്ങളിൽ കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള ജലമണി പദ്ധതിയിക്ക് എത്ര തുകയാണ് അനുവദിച്ചത് ; ഏത് വർഷമാണ് അനുവദിച്ചത് ;

(ബി) പദ്ധതി നടത്തിപ്പിനായി എത്ര സ്കൂളുകളെ തെരഞ്ഞെടുക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത് ; എത്ര സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുകയുണ്ടായി ;

(സി) 2009-ൽ ജലമണി പദ്ധതിയുടെ ഫണ്ട് ലഭിച്ചിട്ടും ലക്ഷ്യമിട്ട സ്കൂളുകളിൽ ഇതുവരെയും പദ്ധതി നടപ്പിലാക്കുവാൻ കഴിയാതെ വന്നതെന്തു കൊണ്ടാണെന്നറിയിക്കുമോ ;